**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5894** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര കേസ്സുകളാണ് തീർപ്പാക്കിയത്; കോവിഡ് സാഹചര്യത്തിൽ ഈ പദ്ധതിയിൽ വായ്പ കുടിശ്ശിക ഉള്ളവരുടെ പ്രതികരണം കുറവാണെങ്കിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ച് ഈ പദ്ധതി വീണ്ടും നടപ്പാക്കുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയത് വഴി 3,85,934 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കോവിഡ്-19 മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കാരണവും തൊഴിൽ നഷ്ടത്താലും, ആരോഗ്യകാരണങ്ങളാലും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി "നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2021 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 30 വരെ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കോവിഡ് സാഹചര്യത്തിൽ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകാരികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടി പദ്ധതിയുടെ കാലാവധി 2021 നവംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കേരള ബാങ്കിന് 2021 നവംബർ 30 വരെയും മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ഡിസംബർ 31 വരെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കൂടുതൽ ഇളവുകൾ നൽകുന്നത് സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കും എന്നതിനാൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ